അശ്റഫ് കീഴുപറമ്പ്

# മുസ്ത്വഫസ്സിബാഉൗയുടെ സംഭാവനകൾ

**പോരാട്ടവീര്യവും** പാണ്ഡിത്യവും മേളിച്ച വ്യക്തിത്വമാണ് ഇനിയും വേണ്ടവിധം മലയാളികൾക്ക് പരിചിതനായിക്കഴിഞ്ഞിട്ടില്ലാത്ത ഡോ. മുസ്ത്വഫസ്സിബാഉൗ(1915-1964). ദമസ്കസിലെ ഹിംസിൽ ആയിരുന്നു ജനനവും പ്രാഥമിക വിദ്യാഭ്യാസവും. ചെറുപ്പത്തിലേ ഖുർആൻ മനഃപാഠമാക്കി. പിതാവ് ശൈഖ് ഹസനുസ്സിബാഉൗയെ കൂടാതെ ത്വാഹിറുൽ അത്വാസി, സാഹിദ് അത്വാസി, മുഹമ്മദ് യാസീൻ, അനീസ് കലാലിബ് എന്നിവരും ദമസ്കസിൽ അദ്ദേഹത്തിന്റെ ഗുരുനാഥന്മാരായിരുന്നു. 1933-ൽ ഉപരിപഠനത്തിനായി ഈജിപ്തിലെ അൽഅസ്ഹർ സർവകലാശാലയിലെത്തി.

ഇത് സിബാഉൗയുടെ ജീവിതത്തിലെ വഴിത്തിരിവായിരുന്നു. ശരീഅത്ത്, ഫിഖ്ഹ്, ഇസ്ലാമിക നിയമനിർമാണത്തിന്റെ അടിസ്ഥാനങ്ങൾ തുടങ്ങിയ വിഷയങ്ങളിലാണ് സവിശേഷ പഠനം നടത്തിയതെങ്കിലും അധ്യാപകനായോ മുഫ്തിയായോ ഒതുങ്ങിക്കൂടാൻ അദ്ദേഹം തയാറായിരുന്നില്ല. 1948-ൽ ഖുദ്സ് മോചിപ്പിക്കാൻ ഇഖ്‌വാനുൽ മുസ്ലിമൂന്റെ ആഹ്വാനമുണ്ടായപ്പോൾ പോരാളികൾക്കൊപ്പം അദ്ദേഹവും ചേർന്നു. 'ആയിരങ്ങൾ ഒന്നിച്ച് ചെയ്യേണ്ട ജോലി ഒറ്റക്ക് ചുമലിലേറ്റിയ ആൾ' എന്ന് സിബാഉൗ പ്രകീർത്തിക്കപ്പെടുന്നുണ്ട്. കൊളോണിയൽ ശക്തികൾ അറബ്‌ലോകത്ത് പിടിമുറുക്കിയ കാലമാണ്. സിറിയയിലെ ഫ്രഞ്ച് കൊളോണിയലിസത്തിനും ഈജിപ്തിലെയും ഫലസ്ത്വീനിലെയും ബ്രിട്ടീഷ് ആധിപത്യത്തിനുമെതിരെ അദ്ദേഹം പൊരുതി. അറബ്നാടുകളിലെ ഏതാണ്ടെല്ലാ കൊളോണിയൽ ഭരണകൂടങ്ങളും അറസ്റ്റ് വാറന്റ് പുറപ്പെടുവിച്ച ഏക പോരാളിയും ഒരു പക്ഷേ സിബാഉൗയായിരിക്കും. യൗവനത്തിന്റെ നല്ലൊരു പങ്ക് ഫലസ്ത്വീനിലെയും ഹിംസിലെയും ബൈറൂത്തിലെയും തടവറകളിലാണ് അദ്ദേഹം കഴിച്ചുകൂട്ടിയത്. അമ്പത് വയസ്സാകുന്നതിന് മുമ്പ് രോഗിയാവാനും മരണപ്പെടാനും അതും ഒരു കാരണമായിട്ടുണ്ടാകാം.

ഹ്രസ്വമായ ജീവിതകാലത്ത് അദ്ദേഹം വ്യാപരിച്ച ധൈഷണിക-പ്രവർത്തന മേഖലകളുടെ വൈപുല്യവും വൈവിധ്യവും ആരെയും അതിശയിപ്പിക്കും. സിറിയയിൽ




*മുസ്ത്വഫസ്സിബാഉൗ*

കൊളോണിയൽ വിരുദ്ധ സമരങ്ങൾക്ക് നേതൃത്വം നൽകിയെന്ന് മാത്രമല്ല, അവിടെ ഇഖ്‌വാനുൽ മുസ്ലിമൂന് അടിത്തറയിട്ടതും അദ്ദേഹമാണ് (നിരോധിക്കപ്പെട്ടിട്ടുണ്ടെങ്കിലും സിറിയയിലെ ഇഖ്‌വാൻ ഇന്ന് ശക്തമായ ഒരു രാഷ്ട്രീയ ധാരയെ പ്രതിനിധീകരിക്കുന്നു). 1949 മുതൽ 1954 വരെ സിറിയൻ പാർലമെന്റിൽ അംഗവുമായിരുന്നു അദ്ദേഹം.

എങ്കിലും അദ്ദേഹത്തിന്റെ ഏറ്റവും മികച്ച സംഭാവന അക്കാദമിക മേഖലയിലായിരുന്നു. "നമ്മുടെ നാഗരികതയുടെ ശോഭന ചിത്രങ്ങൾ വരച്ചുകാണിക്കുന്നതുകൊണ്ട് അതിലുള്ളതെല്ലാം മനോഹരവും ശോഭനവും ആണെന്ന് നമുക്ക് അഭിപ്രായമില്ല. വീഴ്ചകൾ പറ്റാത്ത സംസ്കാരമുണ്ടോ ചരിത്രത്തിൽ? മാനുഷികത ഏറ്റവും ശക്തവും സുന്ദരവുമായി പ്രതിഫലിച്ച് കാണുന്നത് ഇസ്ലാമിക സംസ്കാരത്തിലാണ് എന്നേ അർഥമാക്കുന്നുള്ളൂ. നമ്മുടെ സംസ്കാരത്തിലുള്ളതെല്ലാം നിന്ദ്യവും വിലകെട്ടതുമാണെന്ന് ആരോപിക്കുന്നവർക്കുള്ള, പ്രമുഖ സംസ്കാരങ്ങളുടെ പട്ടികയിൽനിന്ന് ഇതിനെ വെട്ടിക്കളയാൻ ശ്രമിക്കുന്നവർക്കുള്ള മറുപടിയാണിത്-" 'നമ്മുടെ സംസ്കാരം: ചില ശോഭന ചിത്രങ്ങൾ' (മിൻ റവാഇഇ ഹളാറതിനാ) എന്ന തന്റെ പുസ്തകത്തിന്റെ ആമുഖത്തിൽ ഡോ. സിബാഉൗ എഴുതി. സിബാഉൗയുടെ അക്കാദമിക പഠനത്തിന്റെയും വിമർശനത്തിന്റെയും സവിശേഷതകൾ ഈ വരികളിൽ വായിക്കാം. അതിലൊന്നാമത്തേത് നിഷ്പക്ഷതയാണ്. പഠനവിഷയം വൈകാരികമായി നമ്മോട് എത്രമാത്രം അടുത്ത് നിൽക്കുന്നതാണെങ്കിലും വസ്തുതകൾ മറച്ചുവെക്കാനോ ദുർവ്യാഖ്യാനം ചെയ്യാനോ ശ്രമിക്കരുത്. അതേസ

മയം ഇസ്‌ലാമിക സംസ്കാരത്തെ വേരോടെ പിഴുതു മാറ്റാനുള്ള ശ്രമങ്ങളെ ശക്തമായി ചെറുത്തുനിൽക്കുകയും വേണം.

ഈ സാംസ്കാരിക ചെറുത്തുനിൽപിന്റെ മികച്ച ഉദാഹരണമാണ് സിബാഈയുടെ മാസ്റ്റർ പീസായ 'ഇസ്‌ലാമിക നിയമ നിർമാണത്തിൽ പ്രാവാചകചര്യയുടെ സ്ഥാനം' (അസ്സുന്നത്തു വ മകാനതുഹാ ഫിത്തശ്‌രീഇൽ ഇസ്‌ലാമി) എന്ന കൃതി. പ്രവാചകചര്യക്ക് നിയമനിർമാണത്തിലുള്ള സ്ഥാനം പ്രമാണങ്ങളുടെ വെളിച്ചത്തിൽ വിശദീകരിക്കാനാണ് ഇതിലെ ആദ്യ അധ്യായങ്ങൾ നീക്കിവെച്ചിരിക്കുന്നത്. അതിലല്ല കൃതിയുടെ ഊന്നൽ. അക്കാര്യം പൂർവികരും സമകാലികരുമായ നിരവധി പണ്ഡിതന്മാർ ഭംഗിയായി നിർവഹിച്ചിട്ടുണ്ടല്ലോ. യഥാർഥത്തിൽ, 'നമ്മുടെ സംസ്കാരത്തിലുള്ളതെല്ലാം നിന്ദ്യവും വിലകെട്ടതുമാണെന്ന് ആരോപിക്കുന്നവർക്കും പ്രമുഖ സംസ്കാരങ്ങളുടെ പട്ടികയിൽനിന്ന് ഇസ്‌ലാമിക സംസ്കാരത്തെ വെട്ടിക്കളയാൻ ശ്രമിക്കുന്നവർക്കുമുള്ള മറുപടിയാണിത്.'




റിയന്റലിസ്റ്റ് വാദമുഖങ്ങൾ ഏറ്റുപാടി എന്നതാണ് ഇതിന്റെ ദുരന്തഫലം. ഈജിപ്തിലെ ത്വാഹാ ഹുസൈനും അഹ്മദ് അമീനും ഓറിയന്റലിസ്റ്റ് പ്രോപഗണ്ടയുടെ ശക്തരായ വക്താക്കളായിരുന്നു. അഹ്മദ് അമീന്റെ 'ളുഹൽ ഇസ്‌ലാം' (ഇസ്‌ലാമിന്റെ പൂർവാഹ്നം) എന്ന കൃതിയിൽ 'ഹദീസ്' എന്നൊരു അധ്യായമുണ്ട്. ജൂതനും പ്രമുഖ ഓറിയന്റലിസ്റ്റുമായ ഗോൾഡ് സീഹറിന്റെ വാദങ്ങൾ അപ്പടി ആവർത്തിക്കുക മാത്രമാണ് അഹ്മദ് അമീൻ. അധ്യായത്തിന്റെ ഘടനയിൽ പോലും മാറ്റം വരുത്തിയിട്ടില്ല.

ഇസ്‌ലാമിക ചരിത്രത്തിലെ രണ്ട് മഹദ് വ്യക്തിത്വങ്ങളാണ് ഇവരുടെ മുഖ്യ ഉന്നം. ഏറ്റവും കൂടുതൽ ഹദീസുകൾ നിവേദനം ചെയ്ത പ്രശസ്ത സ്വഹാബി അബൂഹുറയ്‌റയാണ് അവരിലൊരാൾ. ഏറ്റവും കൂടുതൽ അനുയായികളുള്ള ഹനഫീ മദ്ഹബിന്റെ ഇമാമായ അബൂഹനീഫയാണ് രണ്ടാമത്തെയാൾ. അബൂഹുറയ്‌റയെ കൊള്ളരുതാത്തവനും ഓർമപ്പിശകുള്ളവനും തമാശക്കാരനുമായി തരംതാഴ്ത്തുകയും ഇമാം അബൂഹനീഫയെ വാനോളം പുകഴ്ത്തുകയുമാണ് ഓറിയന്റലിസ്റ്റ് തന്ത്രം. പുകഴ്ത്താനുള്ള കാരണം കൂടി അറിഞ്ഞാലേ അതൊരു മുഖംമൂടി ആക്രമണമാണെന്ന് വ്യക്തമാവൂ. 'അബൂഹനീഫ ഇരുപതിൽ താഴെ ഹദീസുകളേ സ്വീകരിച്ചിട്ടുള്ളൂ' എന്നാരോ പറഞ്ഞ ഒരു വാചകമെടുത്തുകൊടുത്ത ശേഷം അതിന് മേമ്പൊടിയായാണ് മഹത്വ വർണന. ഏറ്റവും കൂടുതൽ അനുയായികളുള്ള മദ്ഹബിന്റെ ഇമാം ഹദീസുകളെ സ്വീകാര്യമായി കരുതിയില്ല എന്ന് വരുത്തിത്തീർത്താൽ അതോടെ കഴിഞ്ഞില്ലേ സുന്നത്തിന്റെ കഥ!

ഇതാണ് ആ ചരിത്രപശ്ചാത്തലം. ഡോ. സിബാഈ വളരെ വിശദമായിത്തന്നെ ഇക്കാര്യങ്ങൾ തന്റെ കൃതിയിൽ പ്രതിപാദിക്കുന്നുണ്ട്. അക്കാലത്ത് മുസ്‌ലിം ലോകത്തെ പരമ്പരാഗതമല്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളൊക്കെയും ഓറിയന്റലിസ്റ്റുകളുടെയും അവരുടെ ഫണ്ട് ദാതാക്കളായ പാശ്ചാത്യ ഭരണകൂടങ്ങളുടെയും നിയന്ത്രണത്തിലായിരുന്നു. ഹദീസ് നിവേദകന്മാരുടെ വിശ്വാസ്യത തകർക്കുന്ന പഠനങ്ങൾക്ക് അവർ പ്രത്യേകം പരിഗണന നൽകി. ചില സംഭവങ്ങൾ സിബാഈ തന്റെ പുസ്തകത്തിന്റെ ആമുഖത്തിലും അനുബന്ധത്തിലും അനുസ്മരിക്കുന്നുണ്ട്. ഉദാഹരണത്തിന്, അബ്ദുൽ ഹുസൈൻ എന്നൊരാൾ 'അബൂഹുറയ്‌റ' എന്നൊരു പുസ്തകമെഴുതി. ഓറിയന്റലിസ്റ്റ് നുണ പ്രചാരണങ്ങളല്ലാതെ മറ്റൊന്നും ഇതിലില്ല. ഇങ്ങനെ എഴുതിയാലേ ഗവേഷണ പ്രബന്ധമാവൂ എന്ന നില വരെ വന്നുചേർന്നു.

തൊള്ളായിരത്തി അമ്പതുകളിൽ ഏതാണ്ട് അതേ അവസ്ഥ തന്നെയായിരുന്നു ഇന്ത്യാ ഉപഭൂഖണ്ഡത്തിലും. ഹദീസ്നിഷേധ പ്രവണത അതിന്റെ പാരമ്യത്തിലെത്തിയ സന്ദർഭം. 1950-കളിൽ പാകിസ്താനിൽ ഇസ്‌ലാമിക ഭരണഘടനക്കു വേണ്ടി പ്രക്ഷോഭം നടക്കുമ്പോൾ, ഭരണഘടനയുടെ അടിസ്ഥാനമായി സുന്നത്തിനെ പരിഗണിക്കരുതെന്ന് ആവശ്യപ്പെട്ട് ഹദീസ്നിഷേധികൾ ബഹളംവെച്ചു. പ്രക്ഷോഭത്തെ പൊളിക്കുകയായിരുന്നു ലക്ഷ്യം. ഇതിനെ ബുദ്ധിപരമായി നേരിട്ട് പരാജയപ്പെടുത്തിയത് മൗലാനാ മൗദൂദിയായിരുന്നു. അറബ് ലോകത്ത് അതേ റോളാണ് ഡോ. സിബാഈയും

ഈ കൃതി രചിക്കാൻ ഒരു ചരിത്രപശ്ചാത്തലമുണ്ട്. ഗോൾഡ് സീഹറിനെപ്പോലുള്ള ഓറിയന്റലിസ്റ്റ് പണ്ഡിതന്മാർ 'ഇസ്‌ലാമിക പഠനങ്ങൾ' എന്ന പേരിൽ ധാരാളം കൃതികൾ പ്രസിദ്ധീകരിച്ചിരുന്നു. ഇസ്‌ലാമിനോടുള്ള കടുത്ത പക്ഷപാതിത്വവും ശത്രുതയുമായിരുന്നു ഈ കൃതികളുടെ മുഖമുദ്ര. ഇസ്‌ലാമിക ഭരണക്രമത്തെയും സംസ്കാരത്തെയും തകർക്കുക എന്ന കൊളോണിയൽ-ക്രൈസ്തവ മിഷനറി ഗൂഢലക്ഷ്യങ്ങളും ഓറിയന്റലിസ്റ്റ് പഠനങ്ങൾക്ക് പ്രേരണയാണ്. ഈ ലക്ഷ്യങ്ങൾ സാധിക്കാൻ പ്രവാചകചര്യയെയും പ്രവാചകന്റെ വ്യക്തിത്വത്തെയും കടന്നാക്രമിക്കുക എന്നതാണ് അവർ സ്വീകരിച്ച രീതി. പ്രവാചകനെ സ്ത്രീലമ്പടനും യുദ്ധക്കൊതിയനുമായി ചിത്രീകരിച്ച് ആ മഹദ്‌വ്യക്തിത്വത്തെ തേജോവധം ചെയ്യാൻ ശ്രമിച്ചു. പ്രവാചകചര്യക്കെതിരിലുള്ള ആക്രമണം കൂടുതൽ വ്യവസ്ഥാപിതവും ആസൂത്രിതവുമായിരുന്നു. ഇസ്‌ലാമിക ശരീഅത്തിനെ സംരക്ഷിക്കുന്ന ഇരുമ്പ് കവചം എന്ന് മുഹമ്മദ് അസദ് വിശേഷിപ്പിക്കുന്ന സുന്നത്തിനെതിരെ ബഹുമുഖ ആക്രമണമാണ് അവർ പ്ലാൻ ചെയ്തത്. സുന്നത്ത് ഇസ്‌ലാമിക നിയമസംഹിതയുടെയോ സംസ്കാരത്തിന്റെയോ അടിസ്ഥാനമല്ല എന്ന് വരുത്തിത്തീർക്കലാണ് ആത്യന്തിക ലക്ഷ്യം. അതിന് ഹദീസുകൾ നിവേദനംചെയ്ത സ്വഹാബിമാരെക്കുറിച്ച് നുണകളും അപവാദങ്ങളും അർധ സത്യങ്ങളും പ്രചരിപ്പിച്ച് അവരുടെ വിശ്വാസ്യത തകർക്കുക എന്ന ഹീന തന്ത്രമാണ് അവർ പ്രയോഗിച്ചത്.

സ്വഹാബിമാരെക്കുറിച്ച് അപവാദങ്ങൾ പ്രചരിപ്പിക്കുന്ന കൃതികൾ അറബിയിൽതന്നെ എഴുതപ്പെട്ടു. ഇതര ഭാഷകളിൽ ഇറങ്ങിയ ഇത്തരം കൃതികൾ ഉടനടി അറബിയിലേക്ക് ഭാഷാന്തരം ചെയ്യപ്പെട്ടു. ഒടുവിലത്തെ അത്താണിയായ പേരിനുള്ള ഖിലാഫത്തും തകർന്ന് പറ്റെ ശിഥിലമായിക്കഴിഞ്ഞിരുന്നു മുസ്‌ലിം സമൂഹം. മുസ്‌ലിംലോകത്തെ കൊളോണിയൽ ആധിപത്യം ഓറിയന്റലിസ്റ്റ് പ്രചാരണങ്ങൾക്ക് വളക്കൂറുള്ള മണ്ണൊരുക്കുകയും ചെയ്തു. ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ശൈശവദശയിലായതിനാൽ പ്രതിരോധിക്കാനും ആളുണ്ടായിരുന്നില്ല. മുസ്‌ലിംലോകത്തെ ബുദ്ധിജീവികളിൽ ബഹുഭൂരിപക്ഷവും ഓ

ഏറ്റെടുത്തത്. പോരാളികളായ ഈ രണ്ട് പരിഷ്കർത്താക്കൾ തമ്മിൽ പല സാദൃശ്യങ്ങളും നമുക്ക് കണ്ടെത്താൻ കഴിയും. കൊളോണിയലിസത്തിനെതിരെ പോരാടിയും പൊതു മണ്ഡലത്തിൽ ശക്തമായി ഇടപെട്ടും തന്നെയാണ് പടിഞ്ഞാറ് ഉയർത്തിയ ബൗദ്ധിക വെല്ലുവിളികളെ ഇവർ നേരിട്ടത്.

അഞ്ഞൂറോളം പേജ് വരുന്ന ഡോ. സിബാഈയുടെ പുസ്തകത്തെ സമഗ്രമായി പരിചയപ്പെടുത്താൻ ഈ ചെറിയ കുറിപ്പ് മതിയാവുകയില്ല. ഹദീസുകൾക്കും നിവേദകന്മാർക്കും എതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങളെ എത്ര പണ്ഡിതോചിതമായാണ് അദ്ദേഹം നേരിട്ടത്! യുക്തിഭദ്രമായ അവതരണം. വളരെ മാന്യമായ ശൈലി. സ്വഹാബിമാരെ മോശക്കാരായി ചിത്രീകരിച്ച ഓറിയന്റലിസ്റ്റുകളെയോ അവരുടെ അനുകർത്താക്കളെയോ അദ്ദേഹം പരിഹസിക്കുകയോ ഇടിച്ചുതാഴ്ത്തുകയോ ചെയ്യുന്നില്ല. പുസ്തകം വായിക്കുന്ന ഏത് നിഷ്പക്ഷമതിയും ഇത് തന്നെയല്ലേ ശരി എന്ന് സമ്മതിച്ചുപോകും. പുസ്തകത്തിന്റെ അവതരണവും ശൈലിയും ഓറിയന്റലിസ്റ്റ് സ്വാധീനത്തിൽ കുടുങ്ങിയ പലർക്കും അതിൽനിന്ന് പുറത്ത് കടക്കാനുള്ള രക്ഷാമാർഗമായിത്തീർന്നു.

**ഇസ്‌ലാമിക പാരമ്പര്യത്തെ തള്ളിപ്പറഞ്ഞുകൊണ്ടായിരുന്നു അറബ് ലോകത്ത് ആധുനികത ശക്തിപ്പെട്ടത്. സ്വാഭാവികമായും ഹദീസ് നിഷേധം അറബ് ആധുനികതയുടെ മുഖമുദ്രകളിലൊന്നായി. ഇന്ന് ഹദീസ്നിഷേധ പ്രസ്ഥാനം അറബ്ലോകത്ത് നന്നെ ദുർബലമായിക്കഴിഞ്ഞിരിക്കുന്നു. ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ആവിർഭാവമാണ് ഇതിന് മുഖ്യകാരണമെന്ന് കണ്ടെത്താൻ പ്രയാസമില്ല. അതേസമയം സുന്നത്തിനെ സംരക്ഷിക്കാൻ മുന്നിട്ടിറങ്ങിയ പണ്ഡിതന്മാരെയും കാണാതിരുന്നുകൂടാ. അവരിൽ ഒന്നാം സ്ഥാനത്ത് സിബാഈ തന്നെയായിരിക്കും. 'അസ്സുന്നത്തു വ മകാനതുഹാ....'ക്ക് സമാനമായ ഒരു കൃതി അറബിയിൽ രചിക്കപ്പെട്ടിട്ടില്ല എന്നതു തന്നെ കാരണം.**

ഇസ്‌ലാമിക പാരമ്പര്യത്തെ തള്ളിപ്പറഞ്ഞുകൊണ്ടായിരുന്നു അറബ്ലോകത്ത് ആധുനികത ശക്തിപ്പെട്ടത്. സ്വാഭാവികമായും ഹദീസ്നിഷേധം അറബ് ആധുനികതയുടെ മുഖമുദ്രകളിലൊന്നായി. ഇന്ന് ഹദീസ്നിഷേധ പ്രസ്ഥാനം അറബ് ലോകത്ത് നന്നെ ദുർബലമായിക്കഴിഞ്ഞിരിക്കുന്നു. ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ആവിർഭാവമാണ് ഇതിന് മുഖ്യകാരണമെന്ന് കണ്ടെത്താൻ പ്രയാസമില്ല. അതേസമയം സുന്നത്തിനെ സംരക്ഷിക്കാൻ മുന്നിട്ടിറങ്ങിയ പണ്ഡിതന്മാരെയും കാണാതിരുന്നുകൂടാ. അവരിൽ ഒന്നാം സ്ഥാനത്ത് സിബാഈ തന്നെയായിരിക്കും. 'അസ്സുന്നത്തു വ മകാനതുഹാ....'ക്ക് സമാനമായ ഒരു കൃതി അറബിയിൽ രചിക്കപ്പെട്ടിട്ടില്ല എന്നതു തന്നെ കാരണം.

സമകാലിക ലോകത്ത് അബൂഹുറയ്റയെക്കുറിച്ച് എഴുതപ്പെട്ട ഏതു കൃതിയും സിബാഇയുടെ പുസ്തകത്തെ അവലംബിച്ചാവനല്ലാതെ തരമില്ല. അത്രക്ക് കുറിക്ക് കൊള്ളുന്നതും തെളിവുകളുടെ പിൻബലമുള്ളതുമാണ് ഈ സ്വഹാബിവര്യനെക്കുറിച്ച് ഉന്നയിക്കപ്പെട്ട ആരോപണങ്ങൾക്ക് സിബാഈ നൽകുന്ന മറുപടികൾ. ആ അധ്യായത്തിന്റെ ഒടുവിൽ അഹ്മദ് അമീനോട് ഒരു ചോദ്യം ചോദിക്കുന്നുണ്ട് അദ്ദേഹം:

പ്രവാചകൻ മരിച്ചുകഴിഞ്ഞ് 47 വർഷം അബൂഹുറയ്റ വിശ്വാസിസമൂഹത്തെ നബിവചനങ്ങൾ പഠിപ്പിച്ച് കഴിയുകയായിരുന്നു. മുതിർന്ന സ്വഹാബികളും പ്രവാചകന്റെ ഭാര്യമാരും അക്കാലത്ത് ജീവിച്ചിരിപ്പുണ്ട്. ഇവരെല്ലാം വളരെ ബഹുമാനത്തോടെ ഈ സ്വഹാബിവര്യനെ സന്ദർശിക്കുന്നതും നബിവചനങ്ങൾ ചോദിച്ച് മനസ്സിലാക്കുന്നതുമാണ് നാം കാണുന്നത്. താബിഈ പണ്ഡിതന്മാരാവട്ടെ അദ്ദേഹത്തിന്റെ സമീപത്ത് നിന്ന് ഒഴിഞ്ഞുപോകുന്ന നേരമുണ്ടാവില്ല. താബിഈ പണ്ഡിതരുടെ നേതാവ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന, ഭക്തിയുടെ നിറകുടമായ സഈദുബ്നു മുസയ്യബ് അദ്ദേഹത്തിന്റെ മകളെയാണ് വിവാഹം ചെയ്തത്. അക്കാലത്തെ പ്രശസ്തരായ എണ്ണൂറ് പണ്ഡിതന്മാരാണ് അബൂഹുറയ്റയിൽനിന്ന് ഹദീസ് സ്വീകരിച്ചത്. ഇത്രത്തോളം ഹദീസ് ഉദ്ധരിച്ച വേറൊരു സ്വഹാബിയും ഇല്ലെന്നും നമുക്കറിയാം. അബൂഹുറയ്റ വിശ്വസ്തനാണെന്ന കാര്യത്തിൽ ഇവരിലൊരാൾക്ക് പോലുമില്ല ഭിന്നാഭിപ്രായം. പതിമൂന്ന് നൂറ്റാണ്ട് ഇങ്ങനെ കടന്നുപോയി. ഈ പ്രഗത്ഭ പണ്ഡിതന്മാർക്കും ഹദീസ് വിശാരദന്മാർക്കും യഥാർഥ അബൂഹുറയ്റ ആരാണെന്ന് അറിയില്ലായിരുന്നു എന്നാണോ നിങ്ങൾ പറയുന്നത്?

ഇരുപതിൽ ചില്ലാനം ഹദീസുകളേ ഇമാം അബൂഹനീഫ സ്വീകരിച്ചിരുന്നുള്ളൂ എന്ന ഓറിയന്റലിസ്റ്റ് കുപ്രചാരണത്തെ (ഈ കള്ള പ്രചാരണം നമ്മിൽ പലരും ഇപ്പോഴും വിശ്വസിക്കുന്നു. അത്രക്കുണ്ട് അവർ നേടിയ സ്വാധീനം)യും പ്രമാണങ്ങളുടെയും യുക്തിയുടെയും വെളിച്ചത്തിൽ സിബാഈ നേരിടുന്നു. ഇസ്‌ലാമിക നിയമസംഹിത വലിയൊരളവോളം രൂപപ്പെട്ടിരിക്കുന്നത് നബിവചനങ്ങളുടെ അടിത്തറയിലാണ്. ഹദീസുകളെ ഏറക്കുറെ പൂർണമായി അബൂഹനീഫ തള്ളിക്കളഞ്ഞു എന്നാണ് വാദമെങ്കിൽ, അദ്ദേഹത്തിന്റെ മദ്ഹബ് ഹദീസിലെ ആശയങ്ങൾക്ക് കടകവിരുദ്ധമാവേണ്ടതല്ലേ? ചില അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകാമെങ്കിലും ഹനഫീ മദ്ഹബ് ഹദീസ് വിരുദ്ധമാണെന്ന് ഒരാളും പറഞ്ഞിട്ടില്ല. മറിച്ച്, ഹദീസ് ആശയങ്ങളോട് പൊരുത്തപ്പെട്ടുകൊണ്ടാണ് ഹനഫീ വീക്ഷണങ്ങൾ രൂപപ്പെട്ടത് എന്നും കാണാവുന്നതാണ്. ഇമാം ഹദീസുകൾ സ്വീകരിച്ചിരുന്നു എന്നുതന്നെയാണ് ഇതിന്നർഥം. പിന്നെ ഓറിയന്റലിസ്റ്റ് ആരോപണത്തിന്റെ അടിസ്ഥാനമെന്ത്?

ഇമാ അബൂഹനീഫ, ഇമാം മാലികിനെപ്പോലെയോ ഇമാം അഹ്മദിനെപ്പോലെയോ സ്വന്തമായി ഹദീസുകൾ ക്രോഡീകരിക്കുകയോ എഴുതിവെക്കുകയോ ചെയ്തിരുന്നില്ല. എന്നാൽ, അബൂഹനീഫക്ക് ലഭിച്ച ഹദീസുകൾ അദ്ദേഹത്തിന്റെ ശിഷ്യന്മാർ ഗ്രന്ഥരൂപത്തിൽ എഴുതി സൂക്ഷിക്കുകയും ചെയ്തിരുന്നു. പത്തോളം വരും ഇത്തരം സമാഹാരങ്ങൾ. പ്രമുഖ ഹനഫീ പണ്ഡിതനായ അബൂയൂസുഫിന്റെ 'കിതാബുൽ ആസാർ' ഉദാഹരണം. ഇതാണ് യഥാർഥ വസ്തുത. ഇത് തലകീഴായി പിടിച്ചാണ് ഇമാം അബൂഹനീഫയെ ഓറിയന്റലിസ്റ്റുകൾ സുന്നത്തിനെതിരെ സാക്ഷിക്കൂട്ടിൽ കയറ്റുന്നത്.

ഇതുപോലെ ഓരോ ഓറിയന്റലിസ്റ്റ് വിമർശനത്തിനും അക്കമിട്ട് മറുപടി പറയുന്ന ഈ കൃതി പൂർണരൂപത്തിൽ മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്യേണ്ടതുണ്ട് (മർഹൂം അമാനി മൗലവിയുടെ പരിഭാഷ ഇപ്പോൾ വിൽപനയിലില്ല. പഴയ മലയാളം എന്ന പ്രശ്നവുമുണ്ട്). പൂർണ രൂപത്തിൽ പ്രസിദ്ധീകരിക്കുമ്പോഴേ ഉള്ളടക്കത്തിന്റെ ഗാംഭീര്യവും ശൈലിയുടെ ആർജവവും അനുഭവപ്പെടുകയുള്ളൂ. ■